പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1811 12.06.2019-ലെ മറുപടിക്ക്

## ലൈൻ ഡ്യൂട്ടിക്കാരുടെ വീക്കിലി ഓഫ്

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ.ആർ.ടി.സി.യിൽ എട്ടും പതിനാറും ഇരുപത്തിനാലും അതിൽ കൂടുതലും മണിക്കൂർ വരെ ജോലി നോക്കുന്ന കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും പലപ്പോഴും വീക്കിലി ഓഫ് നിഷേധിക്കുന്നുണ്ടെങ്കിലും ടിക്കറ്റ് ആന്റ് ക്യാഷ് ഉൾപ്പെടെയുള്ള വിവിധ ജോലി നോക്കുന്ന ദിവസ വേതനക്കാരായ ജീവനക്കാർക്ക് വീക്കിലി ഓഫ് കൃത്യമായി നൽകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) യും<br>(ബി) യും | കെ.എസ്.ആർ.ടി.സി.യിൽ സ്ഥിരം ജീവനക്കാരായ കണ്ടക്ടർമാർക്കും, ഡ്രൈവർമാർക്കും വീക്കിലി ഓഫ് നിഷേധിക്കുന്നില്ല. ടിക്കറ്റ് ആന്റ് ക്യാഷ് വിഭാഗം ഉൾപ്പടെയുള്ള വിവിധ ജോലി നോക്കുന്ന ദിവസ വേതനക്കാരായ ജീവനക്കാർക്ക് ജോലി ചെയ്യുന്ന ദിവസത്തേയ്ക്ക് മാത്രമാണ് ശമ്പളം അനുവദിക്കുന്നത്. കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാരെ തുടർച്ചയായി പതിനാറും, ഇരുപത്തിനാലും മണിക്കൂർ ജോലിക്ക് നിയോഗിക്കുന്ന സാഹചര്യം നിലവിലില്ല. |
| (ബി) | എങ്കിൽ ഒരേ സമയദൈർഘ്യത്തിൽ ജോലിചെയ്യുന്ന ഇരുവിഭാഗത്തിൽപ്പെട്ടവരിൽ പ്രയാസമേറിയ ലൈൻ ഡ്യൂട്ടി ചെയ്യുന്നവർക്ക് മാത്രം വീക്കിലി ഓഫ് നിഷേധിക്കുന്ന നിലപാട് തിരുത്തുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ